**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3325** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട് പോയ ഭൂമി ഉൾപ്പെടെയുള്ള തരംമാറ്റലിന് ഏറെ കാലതാമസം നേരിടുന്നതുകൊണ്ട് ലൈഫ് പദ്ധതിയിൽപ്പെട്ടവർക്ക് ഉൾപ്പെടെ വീട് നിർമ്മാണത്തിന് തടസ്സം നേരിടുന്നത് ഒഴിവാക്കാൻ പ്രത്യേകം നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നടപടികൾ എടുത്തിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം ഭൂമി തരം മാറ്റ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിലവിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെൽ കൂടാതെ 22.02.2022-ലെ സ.ഉ (കൈ) 56/2022/റവ പ്രകാരം രണ്ടായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 2 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ജീവനക്കാർ അടങ്ങുന്ന യൂണിറ്റും, 5000 ത്തിൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷനുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 4 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും 1000-2000 ഇടക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ആർഡിഒ ഓഫീസുകളിൽ 2 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്ക് തസ്തികയും 51 താലൂക്കോഫീസുകളിൽ 1ക്ലർക്ക്, 3 സർവ്വെയർ എന്നിങ്ങനെയും ആകെ 990 തസ്തികകൾ താത്കാലികമായി സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള 680 വില്ലേജുകളിൽ രണ്ടു വില്ലേജുകൾക്ക് ഒരു വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഐടി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 59993000/- രൂപയും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ, കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം, ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ, അതിവേഗം തീർപ്പാക്കുന്നതിനു വേണ്ടി ഊർജിത തീവ്രയത്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച്, എല്ലാ ആഫീസുകളിലും, അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതുമാണ്. തരം മാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തിര സാഹചര്യമുള്ളവർക്കും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി കൊണ്ട്, അത്തരത്തിലുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന്, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും, റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും, ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ പരിശോധിക്കുകയും മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതിന്, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്.<br><br>മേൽ പ്രകാരമുള്ള, പ്രത്യേക പരിഗണനാർഹ വിഭാഗം/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, ലൈഫ് മിഷൻ ഭവനപദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ, നടപടികൾ സ്വീകരിക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറിൽ നിർദ്ദേശം ഉള്ളതാണ്. |
| (ബി) | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പൊതു നടപടിക്രമം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | നടപടികൾ എടുത്തിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം ഭൂമി തരം മാറ്റ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിലവിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെൽ കൂടാതെ 22.02.2022-ലെ സ.ഉ (കൈ) 56/2022/റവ പ്രകാരം രണ്ടായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 2 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ജീവനക്കാർ അടങ്ങുന്ന യൂണിറ്റും, 5000 ത്തിൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷനുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 4 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും 1000-2000 ഇടക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ആർഡിഒ ഓഫീസുകളിൽ 2 ക്ലർക്ക്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും അപേക്ഷകളുടെ എണ്ണം 100-ന് |

| | | | |
|---|---|---|---|
| | | | മുകളിൽ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്ക് തസ്തികയും 51 താലൂക്കോഫീസുകളിൽ 1ക്ലർക്ക്, 3 സർവ്വെയർ എന്നിങ്ങനെയും ആകെ 990 തസ്തികകൾ താത്കാലികമായി സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള 680 വില്ലേജുകളിൽ രണ്ടു വില്ലേജുകൾക്ക് ഒരു വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഐടി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 59993000/- രൂപയും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ, കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം, ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ, അതിവേഗം തീർപ്പാക്കുന്നതിനു വേണ്ടി ഊർജിത തീവ്രയത്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച്, എല്ലാ ആഫീസുകളിലും, അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതുമാണ്. തരം മാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ, അടിയന്തിര സാഹചര്യമുള്ളവർക്കും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകി കൊണ്ട്, അത്തരത്തിലുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന്, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും, റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും, ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ പരിശോധിക്കുകയും മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതിന്, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്.<br><br>മേൽ പ്രകാരമുള്ള, പ്രത്യേക പരിഗണനാർഹ വിഭാഗം/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, ലൈഫ് മിഷൻ ഭവനപദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ, നടപടികൾ സ്വീകരിക്കുന്നതിനായി, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറിൽ നിർദ്ദേശം ഉള്ളതാണ്. |
| (സി) | ഈ ആവശ്യത്തിനായി പുതിയ താല്കാലിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; അപേക്ഷകൾ സ്വീകരിക്കുന്നത് | (സി) | ഉണ്ട്. ഈ ആവശ്യത്തിനായി, 22/02/2022-ലെ സ.ഉ.(കൈ) നം.56/2022/ RD പ്രകാരം, ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും |

| | | | |
|---|---|---|---|
| | ഓൺലൈൻ വഴിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വെയർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചു കൊണ്ടും, 990 താൽക്കാലിക തസ്തികകൾ 6 മാസത്തേക്ക് സൃഷ്ടിച്ചു കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.<br><br>10.01.2022 മുതൽ തരം മാറ്റ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകാത്ത വില്ലേജ് ആഫീസുകളിൽ, സാങ്കേതിക പ്രശ്നങ്ങൾ മൂലം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ, ഓഫ് ലൈനായും അപേക്ഷകൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ആകെ 2,04,409 ഓഫ് ലൈൻ അപേക്ഷകളും 30.06.2022 വരെ 95771 ഓൺ ലൈൻ അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ആയതിൽ 1,39,922 ഓഫ് ലൈൻ അപേക്ഷകളും 1,690 ഓൺ ലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കിയിട്ടുണ്ട്. 64,487 ഓഫ് ലൈൻ അപേക്ഷകളും 94,081 ഓൺ ലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കുവാൻ ശേഷിക്കുന്നു. ഓഫ് ലൈൻ അപേക്ഷകൾ 2022 നവംബർ 1 നകം നടപടികൾ പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ 27 ആർഡി ഓ കളിൽ തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർഡിഓ ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ് ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിനകവും ബാക്കി സ്ഥലങ്ങളിൽ നവംബർ മാസ ത്തിനകവും തീർപ്പാക്കും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:- ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്